# PERUMPARA L.P.S
# KURIANNOOR



# ACADEMIC MASTER PLAN

# ഉള്ളടക്കം

ആമുഖം

ലക്ഷ്യങ്ങൾ

വിദ്യാലയത്തിന്റെ ചരിത്രം

വിദ്യാലയം മികവിന്റെ കേന്ദ്രം- കാഴ്ചപ്പാട്

പദ്ധതിരൂപീകരണ പ്രക്രിയ- വിവിധ ഘട്ടങ്ങൾ

നിലവിലെ അവസ്ഥാവിശകലനം

മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ - ഒറ്റനോട്ടത്തിൽ

പദ്ധതി വിശദാംശങ്ങൾ

•
(മേഖല, ലക്ഷ്യം, പ്രവർത്തനങ്ങൾ, കാലം, ചുമതല, സാമ്പത്തികം)

• [illegible], [illegible] ഉറപ്പിക്കൽ

പ്രതീക്ഷിത നേട്ടങ്ങൾ

മോണിട്ടറിംഗ്

•

ഉപസംഹാരം

കൂട്ടിച്ചേർക്കലുകൾ

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ആമുഖം

തിരുവല്ല താലൂക്കിൽ തോട്ടപ്പുഴശ്ശേരി പഞ്ചായത്ത് 2-ാം വാർഡിൽ പുല്ലാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ പരിധിയിൽ പെടുന്നതാണ് പെരുമ്പാറ എൽ.പി. സ്കൂൾ. വിനോദ സഞ്ചാര കേന്ദ്രമായ അരുവിക്കുഴി വെള്ളച്ചാട്ടം, ക്രിസ്ത്യൻ എഡ്യൂക്കേഷൻ സെന്റർ ചരൽക്കുന്ന്, മൈലാടുംപാറ ശിവക്ഷേത്രം എന്നിവയ്ക്കു മധ്യത്തിലാണ് ഈ സ്കൂൾ സ്ഥിതി ചെയ്യുന്നത്. ഉയർന്ന കുന്നിൻ മുകളിൽ സ്ഥിതി ചെയ്യുന്ന ഈ സ്കൂളിന്റെ മുറ്റത്തു നിന്നാൽ മനോഹരമായ പല കാഴ്ചകളും കാണാനാകുന്നതാണ്. സെന്റ് തോമസ് കോളജ് കോഴഞ്ചേരി, കുറിയന്നൂരിനെ തഴുകിയൊഴുകുന്ന പുണ്യനദി പമ്പ, ഉയർന്ന മലനിരകൾ, നീണ്ടു കിടക്കുന്നതായുള്ള കാഴ്ചകൾ എന്നിവ കാണാവുന്നതാണ്.. പ്രകൃതിയുടെ സന്തുലിതാവസ്ഥ നശിപ്പിക്കുന്ന രീതിയിൽ വായുമലിനീകരണവും ശബ്ദമലിനീകരണവും സൃഷ്ടിച്ച് ഒരു ക്രഷർ യൂണിറ്റ് സ്കൂളിനടുത്തായി പ്രവർത്തിക്കുന്നുണ്ടെന്നുള്ളത് ഖേദകരമാണ്.

## ചരിത്രം

പെരുമ്പാറ എൽ.പി.സ്കൂൾ എന്ന പേരിൽ കൊല്ലവർഷം 1102ൽ (1926-ൽ) ഈ സ്കൂൾ ആരംഭിച്ചു. പ്രദേശത്തിന്റെ പിന്നോക്കാവസ്ഥ പരിഗണിച്ച് പരേതനായ റ്റി.എം. മാത്യു കശ്ശീശ്ശ (പുന്നത്തുണ്ടിയിൽ അച്ചൻ) ആരംഭിച്ചതാണ് ഈ വിദ്യാലയം. സാമ്പത്തികമായും സാംസ്ക്കാരികമായും ഏറെ പിന്നിൽ നിൽക്കുന്ന ഒരു മലയോര പ്രദേശമാണിത്. 3 കിലോമീറ്റർ ചുറ്റളവിൽ ഒരു പ്രൈമറി സ്കൂളു പോലുമില്ല.

## പൊതുലക്ഷ്യങ്ങൾ

പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ പ്രധാനമായ ലക്ഷ്യം ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ്. ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവും താൽപര്യവും പരിമിതിയും തിരിച്ചറിഞ്ഞ് മുഴുവൻ കുട്ടികൾക്കും പഠന മുന്നേറ്റത്തിന് തുല്യമായ അവസരങ്ങൾ ഒരുക്കുകയും വേണം. അതിനായി ഓരോ കുട്ടിയേയും ഓരോ യൂണിറ്റായി കണക്കാക്കി അവരുടെ വിവിധ മേഖലയിലുള്ള വികസനം തിരിച്ചറിഞ്ഞ് മുഴുവൻ കുട്ടികളുടെയും പഠനമുന്നേറ്റത്തിന് തുല്യമായ അവസരങ്ങൾ ഒരുക്കാൻ കഴിയണം. സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പാക്കുകയും രക്ഷിതാക്കൾ അടക്കമുള്ള സമൂഹത്തെ ബോധ്യപ്പെടുത്തുകയും ചെയ്യുന്നു.

## വിദ്യാലയം മികവിന്റെ കേന്ദ്രം– കാഴ്ചപ്പാട്

- ❖ മുഴുവൻ കുട്ടികൾക്കും അറിവിന്റെ ഉയർന്ന തലങ്ങളിലേക്ക് എത്താൻ സഹായകരമായ പഠനാവസരം ലഭ്യമാകും
- ❖ അവസരതുല്യത, സാമൂഹ്യനീതി, ഗുണത എന്നിവ ഉറപ്പാക്കുന്ന പഠന പരിസരവും പഠനാന്തരീക്ഷവും വികസിപ്പിക്കും.
- ❖ ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിയുള്ള മികച്ച പഠനത്തിനായി എല്ലാ ക്ലാസ് മുറികളും ഹൈടെക്ക് ആകും.
- ❖ സമഗ്ര ഗുണമേന്മാ വിദ്യാലയ ആസൂത്രണം സാധ്യമാകും.
- ❖ അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാഭ്യാസത്തിലൂടെ അനന്യ മാതൃക സൃഷ്ടിക്കും.
- ❖ ജൈവവൈവിധ്യ ഉദ്യാനം നിലവിൽ വരും.കാമ്പസ് തന്നെ പാഠപുസ്തകം എന്ന ആശയം ഉണ്ടാകും.
- ❖ പരിസ്ഥിതി സംരക്ഷണ – പരിസ്ഥിതി പ്രവർത്തനങ്ങളിൽ മാതൃക സൃഷ്ടിക്കും
- ❖ ശാസ്ത്രീയമായ പ്രീസ്കൂൾ വിദ്യാഭ്യാസം യാഥാർത്ഥ്യമാകും.
- ❖ വിദ്യാലയപ്രവർത്തനങ്ങൾ ആകർഷകമാക്കിയും പിന്തുണ നൽകിയും കൊഴിഞ്ഞു പോക്ക് ഇല്ലാത്ത അവസ്ഥ സൃഷ്ടിക്കും.
- ❖ പ്രത്യേക പരിഗണന ലഭിക്കുന്നതിലൂടെ പഠനത്തിൽ പിന്നോക്കം നിൽക്കുന്നവർ മുഖ്യധാര യിലെത്തുകയും കഴിവിന്റെ സാധ്യമായ ഉയർന്ന തലത്തിലേക്ക് എത്തിച്ചേരുകയും ചെയ്യും.
- ❖ ആധുനിക സൗകര്യങ്ങളുള്ള വായനശാല , ലാബോറട്ടറി എന്നിവ ഉണ്ടാക്കൽ.
- ❖ കുട്ടികളുടെ മാനസിക സംഘർഷത്തിനും പിരിമുറുക്കത്തിനും അയവു വരുത്താനുള്ള കൗൺസിലിംഗ് സൗകര്യം എല്ലാ സ്കൂളുകളിലും ഉണ്ടാകും.
- ❖ മദ്യത്തിനും മയക്കു മരുന്നിനും എതിരായ മനോഭാവം പുതു തലമുറയിൽ വളരും.
- ❖ കലാ-കായിക പ്രവൃത്തി പരിചയ വിദ്യാഭ്യാസത്തിന് അനുഗുണമായ ഭൗതിക സൗകര്യങ്ങൾ സൃഷ്ടിക്കപ്പെടും ഇതിന് ആവശ്യമായ സ്രോതസ്സ് കണ്ടെത്തുന്നു.
- ❖ മദ്യപാനം മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം പുതിയ തലമുറയിൽ നിന്ന് ഒഴിവാക്കാനാവുന്ന തരത്തിൽ ഇടപെടലുകൾ നടത്തുക.
- ❖ പ്ലാസ്റ്റിക് വിമുക്ത -കീടനാശിനി വിമുക്ത ലഹരി വിമുക്ത ക്യാമ്പുകൾ സൃഷ്ടിക്കുക
- ❖ സ്കൂൾ കുട്ടികൾക്ക് കൗൺസിലിംഗ് സൗകര്യങ്ങൾ ഉണ്ടാക്കുക
- ❖ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കാൻ ജനകീയ സംവിധാനങ്ങൾ ഒരുക്കുക

# പദ്ധതി രൂപീകരണ പ്രക്രിയ

## വിവിധ ഘട്ടങ്ങൾ

എസ്.ആർ.ജി. യോഗത്തിൽ പെരുമ്പാറ എൽ.പി.എസ്. വിഷൻ 2025 എന്ന വികസന കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും.

വികസനാവശ്യങ്ങൾ ക്ലാസ്/ വിഷയാടിസ്ഥാനത്തിൽ ഭൗതികം, അക്കാദമികം, സാമൂഹികം എന്നിങ്ങനെ തിരിച്ച് കരടു രൂപരേഖ തയ്യാറാക്കൽ

കരട് രൂപരേഖ SRG, SMC, PTA, MPTA, SSG ജനപ്രതിനിധികൾ അടങ്ങുന്ന ശിൽപശാലയിൽ അവതരിപ്പിക്കൽ

ശിൽപശാലയിൽ ഉയർന്നു വന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ

പി.റ്റി.എ. നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതി രേഖ തയ്യാറാക്കൽ

## പ്രതീക്ഷിത നേട്ടങ്ങൾ

- അന്താരാഷ്ട്ര പഠന നിലവാരം ഉള്ള സ്കൂളായി ഉയർത്തുന്നു.
- സ്കൂൾ സമൂഹത്തിൽ എന്ന ആശയം സാക്ഷാത്ക്കരിക്കപ്പെടുന്നു.
- മതനിരപേക്ഷ സമൂഹത്തെ നില നിർത്താൻ കഴിയുന്നു.
- സ്കൂളിലെ എല്ലാ കുട്ടികൾക്കും അവസര തുല്യത, സാമൂഹ്യനീതി, ഗുണത എന്നിവ ഉറപ്പാക്കുന്ന ശിശുസൗഹൃദാന്തരീക്ഷം ഉറപ്പാക്കുന്നു.
- വിദ്യാഭ്യാസ രംഗത്തുള്ള ഗുണകരമല്ലാത്ത പ്രവർത്തനങ്ങൾക്ക് തടയിടുവാൻ കഴിയുന്നു.
- ഒരു ഗ്രാമം മുഴുവൻ നെഞ്ചിലേറ്റുന്ന ഒരു വിദ്യാലയമായി മാറും.
- മോണിട്ടറിംഗ് രീതി
- ഉദ്യോഗസ്ഥ തലത്തിലുള്ള മോണിട്ടറിംഗ് രീതി സ്കൂൾ തലം മുതൽ ശക്തമാക്കുന്നു.
- സോഷ്യൽ മോണിട്ടറിംഗ് (PTA, MPTA, SSG, SRG, OSA) നടപ്പിലാക്കണം
- ദൈനംദിന മോണിട്ടറിംഗ് HM/SRG Convenor നടത്തുന്നു.

## ഉപസംഹാരം

സാമ്പത്തിക-സാമൂഹിക അസമത്വങ്ങൾ ഏറെ പ്രതിഫലിച്ചു കൊണ്ടിരിക്കുന്ന ഇന്നത്തെ സമൂഹത്തിൽ വിദ്യാഭ്യാസ സംവിധാനത്തിലും ഏറെ അസമത്വങ്ങൾ നിലനിൽക്കുന്നു. ഗുണമേന്മയാർന്ന വിദ്യാഭ്യാസം ലഭിക്കാത്ത തലമുറകൾ മൂല്യങ്ങൾ നഷ്ടപ്പെട്ടവരായി കാണുന്നു. മനുഷ്യനെ മനുഷ്യനാക്കുന്ന മഹാ പ്രക്രിയയായ വിദ്യാഭ്യാസ രംഗത്തെ സ്വകാര്യവൽക്കരണം ഇപ്പോൾ ദൂരവ്യാപകമായ ദോഷഫലങ്ങൾ സൃഷ്ടിച്ചു കൊണ്ടിരിക്കുന്നു. ഈ കെടുതികൾക്ക് സമഗ്രവും ശാസ്ത്രീയവും സ്ഥായിയായതുമായ പരിഹാരം സൃഷ്ടിക്കുന്നതിനുള്ള കർമ്മപദ്ധതിയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം. അതിനാൽ കേരളത്തിന്റെ നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കപ്പെടണം എന്നാഗ്രഹിക്കുന്ന ഓരോരുത്തരുടെയും കടമയാണ് ഈ യജ്ഞത്തിൽ പങ്കാളികളാകുക എന്നുള്ളത്. കഴിഞ്ഞ കാലങ്ങളിൽ നമ്മെ വളർത്തിയ നമ്മുടെ നാട്ടിൻപുറത്തെ നന്മ നിറഞ്ഞ വിദ്യാലയത്തിന്റെ ഓജസ്സും തേജസ്സും പൈതൃകവും , മാതൃകയും കാത്തു സൂക്ഷിക്കുന്നതിനും കൂടുതൽ സമ്പുഷ്ടമാക്കുന്നതിനും ഈ വികസനരേഖ ഉപകരിക്കുമെന്ന് സവിനയം പ്രതീക്ഷിക്കുന്നു ഇന്നിന്റെ തലമുറയ്ക്ക് ഈ വിദ്യാലയങ്ങൾ അറിവിന്റെ ചക്രവാള സീമയിൽ എത്തുന്നതിന് സഹായകമാകട്ടെ എന്ന് ആശംസിക്കുന്നു.

# നിലവിലെ അവസ്ഥാ വിശകലനം

## ഭൗതികം– നേട്ടങ്ങൾ

പത്തുവർഷം മുമ്പ് സ്കൂൾ മാനേജ്മെന്റിൽ നിന്നും ഒരു കമ്പ്യൂട്ടർ ലാബ് നിർമ്മിക്കുകയും എം.പി, എം.എൽ.എ. എന്നിവരുടെ ഫണ്ടിൽ നിന്നും 3 കമ്പ്യൂട്ടറുകൾ ലഭിക്കുകയും ചെയ്തു. 11 വർഷങ്ങൾക്കു മുമ്പ് പഴയ അടുക്കള മാറ്റി സ്റ്റോർ മുറി, ഗ്യാസ്, ഫ്രിഡ്ജ് തുടങ്ങിയ സൗകര്യങ്ങളുള്ള പുതിയ അടുക്കള നിർമ്മിച്ചു. വരാന്തയിൽ തറയിൽ ഇരുന്ന് ഭക്ഷണം കഴിച്ചു കൊണ്ടിരുന്ന കുട്ടികൾക്ക് വരാന്തയുടെ സൈഡ് ഗ്രിൽ ഇട്ടു മറച്ച് ബെഞ്ച്, ഡെസ്ക്ക് ക്രമീകരിച്ച് ഭക്ഷണം കഴിക്കുന്നതിനുള്ള ക്രമീകരണം ചെയ്തു. ജലദൗർലഭ്യം ധാരാളം അനുഭവിക്കുന്ന ഈ പ്രദേശത്ത് കുട്ടികൾക്ക് ജലം ലഭിക്കുന്നതിനായി 2 ടാങ്കുകൾ , പൈപ്പ് കണക്ഷൻ, വാഷിംഗ് ഏറിയ ക്രമീകരിച്ചു. വിശ്രമ സമയം ഉല്ലാസത്തിനായി ഊഞ്ഞാൽ സ്ഥാപിച്ചിട്ടുണ്ട്. 90–ൽ പരം വർഷം പഴക്കമുള്ള ഈ സ്കൂളിന്റെ നവതി ആഘോഷവുമായി ബന്ധപ്പെട്ട് അക്കാദമികവും ഭൗതികവുമായ നവദർശന പ്രോജക്ട് വിഭാവനം ചെയ്തു. കോമ്പൗണ്ടിൽ തന്നെ ഒരു ടോയ്‌ലറ്റ് കോംപ്ലക്സ് എന്ന ആവശ്യം ബഹുമാനപ്പെട്ട പ്രൊഫ. പി.ജെ. കുര്യൻ സാറിന്റെ പ്രാദേശിക വികസനഫണ്ടിൽ നിന്നും അനുവദിച്ച (7 ലക്ഷം രൂപ) തുകയിൽ നിന്നും പൂർത്തിയായിക്കൊണ്ടിരിക്കുന്നു. ജൈവ വൈവിധ്യ പാർക്കിന്റെ 1–ാം ഘട്ടം പൂർത്തീകരിച്ചു. ഇന്റർനെറ്റ് സൗകര്യം ലഭിച്ചു.

## ഭൗതികം– പരിമിതികൾ

ക്ലാസ് മുറികളിൽ ഡിജിറ്റൽ സൗകര്യങ്ങൾ ഒന്നും തന്നെയില്ല. സ്മാർട്ട് ക്ലാസ് മുറികൾ ഇല്ല. കളിസ്ഥലം ഉണ്ടെങ്കിലും അത് വേണ്ട വിധത്തിൽ ക്രമീകരിക്കുകയോ പരിശീലനം നൽകുകയോ ചെയ്യാൻ ഒരു പരിധി വരെ കഴിയുന്നില്ല.

കുട്ടികൾക്ക് സ്വയം പഠിക്കുവാൻ ഉതകുന്ന വിധം ലാബ്/ ലൈബ്രറി വികസിച്ചിട്ടില്ല. സ്വതന്ത്രമായി കുട്ടികൾക്ക് ഇരുന്ന് വായിക്കുന്നതിനുള്ള സൗകര്യം ഇല്ല. ഓഫീസ് റൂം, സ്റ്റാഫ് റൂം എന്നിവയ്ക്ക് മതിയായ സൗകര്യം ഉള്ള കെട്ടിടങ്ങൾ ഇല്ല. ചുറ്റുമതിൽ പൂർണ്ണമല്ല. പ്രവേശന കവാടം , ആഡിറ്റോറിയം, വാഹന ഷെഡ് എന്നിവ ഇല്ല. നല്ല ഒരു ഭോജനശാല ആവശ്യമാണ്. ഓപ്പൺ എയർ സ്റ്റേജ് ഇല്ല. ആകർഷകമായ വിധത്തിൽ പൂന്തോട്ടം ജൈവ വൈവിധ്യ പാർക്ക് എന്നിവ നിർമ്മിക്കേണ്ടതുണ്ട്. കുട്ടികൾക്ക് വിവിധ കളികളിൽ ഏർപ്പെടുവാൻ തക്കവണ്ണം കളിസ്ഥലം പുനർ നിർമ്മിക്കേണ്ടതാണ്.

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| ഭാഷാപഠനം- വായന<br>ഗ്രന്ഥശാലാ ശാക്തീകരണം<br>രചനാ ശില്പശാല<br>അഭിമുഖങ്ങൾ - സെമിനാറുകൾ<br>വായനോത്സവം<br>ബാലസഭ<br>ഭാഷാപഠനം (CWSN)<br>Learning English<br>Reaching to English<br>Leanrning English (CWSN)<br>ഗണിതലാബ് സജ്ജീകരിക്കൽ<br>ഗണിതം മധുരം<br>മെട്രിക് മേള<br>ഗണിതം- രസകരം (CWSN)<br>മേളകൾ<br>ദിനാചരണങ്ങൾ<br>ശാസ്ത്രോത്സവവും പ്രദർശനവും<br>പഠനയാത്ര<br>ഒറിഗാമി ശില്പശാല<br>മെഡിക്കൽ ക്യാമ്പ്<br>ശാസ്ത്രം രസകരം (ഇണടച)<br>സാമൂഹ്യശാസ്ത്രലാബ്<br>സജ്ജീകരിക്കൽ<br>ബുള്ളറ്റിൻ ബോർഡ്<br>ടാലന്റ് ലാബ്<br>ആരോഗ്യകായിക വിദ്യാഭ്യാസം<br>വീട്ടിലും സ്കൂളിലും പച്ചക്കറി<br>ജൈവവൈവിധ്യപാർക്ക്<br>ഹിന്ദി പഠനം | ലാബ് വികസനം<br>ജൈവവൈവിധ്യപാർക്ക്<br>ശലഭോദ്യാനം<br>മൈതാന നിർമ്മാണം<br>ഹൈടെക് സ്കൂൾ<br>ബയോഗ്യാസ് പ്ലാന്റ്<br>വീട്ടിലും സ്കൂളിലും<br>പച്ചക്കറി<br>ചുറ്റുമതിൽ നിർമ്മാണം<br>കവാടവും പഠിപ്പുരയും<br>പുതിയ സ്മാരക മന്ദിരം<br>(പുന്നത്തുണ്ടിയിൽ അച്ചൻ)<br>സ്മാരക മന്ദിരം<br>ഡൈനിംഗ് ഹാൾ | പൂർവ അധ്യാപക<br>വിദ്യാർത്ഥിസംഗമം<br>C.P.T.A<br>P.T.A. ശാക്തീകരണം<br>പുസ്തകശേഖരണം<br>പരിസ്ഥിതി സൗഹൃദ ബാഗ്<br>നിർമ്മാണം<br>കൗൺസിലിംഗ്<br>ബോധവൽക്കരണ ക്യാമ്പെയിൻ<br>ലഘുലേഖ വിതരണം<br>മെഡിക്കൽ ക്യാമ്പ് മികവുത്സവം |

## പേര് : ഭാഷാപഠനം– വായന

മേഖല/ ഉപമേഖല- അക്കാദമികം, മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. അക്ഷരം ഉറപ്പിക്കൽ<br>2. ചിഹ്നം ഉറപ്പിക്കൽ<br>3. അക്ഷരക്കാർഡ് നൽകൽ | ഹ്രസ്വം | അധ്യാപകർ | Rs. 500 |
| | 4. വാക്കുകൾ എഴുതിയ കാർഡ്<br>5. അക്ഷരങ്ങളിൽ നിന്നും വാക്കുകളിലേക്ക്<br>6. വാക്യങ്ങൾ നിർമ്മിക്കൽ | ഹ്രസ്വം | അധ്യാപകർ | Rs. 500 |
| സർഗ്ഗാത്മക വികസനം സർഗ്ഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരമൊരുക്കൽ വായനാ സാമഗ്രികളുടെ നിർമ്മാണം | 7. ചിത്രം - അടിക്കുറിപ്പ് എഴുതൽ<br>8. പത്രവായന<br>9. കഥപറയൽ<br>10. കഥ എഴുതൽ<br>11. കഥാപുസ്തകം നൽകൽ<br>12. വിവരണം<br>13. പത്രവായന - കുറിപ്പ് | മധ്യമം | അധ്യാപകർ | Rs. 500 |
| കുട്ടിയെ മികച്ച വായനക്കാരനാക്കുക | 14. ക്ലാസ് വായനക്കൂട്ടം<br>15. ക്ലാസ് ലൈബ്രറി രൂപീകരിക്കൽ<br>16. പുസ്തക ശേഖരണം വിതരണം മെമ്പർഷിപ്പ് | മധ്യമം | എസ്.എസ്.എ പൂർവവിദ്യാർത്ഥികൾ | Rs. 500 |

### ഗ്രന്ഥശാലാ ശാക്തീകരണം

മേഖല/ഉപമേഖല

| | | | | |
|---|---|---|---|---|
| സ്വതന്ത്ര വായനയെ പ്രോത്സാഹിപ്പിക്കുക<br><br>മികച്ച വായനയിലൂടെ അറിവ് നേടുക<br><br>സാഹിത്യരചനകൾക്ക് ആവശ്യമായ പ്രോത്സാഹനം ലഭ്യമാക്കുക | 17. സ്കൂൾ ലൈബ്രറി വികസിപ്പിക്കൽ<br><br>പുസ്തകങ്ങൾ ക്രമീകരിക്കൽ<br><br>കൂടുതൽ പുസ്തകങ്ങൾ- ഭവനസന്ദർശനത്തിലൂടെ കണ്ടെത്തുക<br><br>അടുത്തുള്ള ഗ്രന്ഥശാലയിൽ അംഗത്വം എടുക്കുക | ദീർഘം | പൂർവവിദ്യാർത്ഥികൾ | Rs. 5000 OSA |

## രചനാ ശില്പശാല

മേഖല/ ഉപമേഖല: മാതൃഭാഷയിലെ വിവിധ ശേഷികളുടെ വികാസം

| | | | | |
|---|---|---|---|---|
| സർഗ്ഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരമൊരുക്കൽ വായനാസാമഗ്രികളുടെ നിർമ്മാണം | രചനാ ശില്പശാല സംഘടിപ്പിക്കൽ (കഥയരങ്ങ്/കവിയരങ്ങ്) രൂപപ്പെടുന്ന ഉല്പന്നങ്ങൾ അച്ചടിച്ച് പ്രസിദ്ധീകരിക്കൽ, ക്ലാസ് മുറിയിലെ പഠനസാമഗ്രിയായി ടി. ഉല്പന്നങ്ങൾ ഉപയോഗങ്ങൾ (ഇൻലൻഡ് മാഗസിൻ) | ദീർഘം | 3 പ്രാവശ്യം | 5000 രൂപ Sponsoring |

## അഭിമുഖങ്ങൾ/ സെമിനാറുകൾ

മേഖല/ഉപമേഖല: സർഗ്ഗശേഷി വികസനം

| | | | | |
|---|---|---|---|---|
| സർഗ്ഗശേഷികളുടെ പരിപോഷണം | പ്രശസ്തരായ സാഹിത്യകാരന്മാരുമായി അഭിമുഖം നടത്തൽ. വിവിധ സെമിനാറുകൾ സംഘടിപ്പിക്കൽ (ദിനാചരണങ്ങൾ) | ഹ്രസ്വം | SRG പൂർവവിദ്യാർത്ഥികൾ | 5000 രൂപ Sponsoring |

## ആരോഗ്യകായിക – വിദ്യാഭ്യാസം

മേഖല/ഉപമേഖല: അക്കാദമികം/ ആരോഗ്യകായിക വിദ്യാഭ്യാസം

| | | | | |
|---|---|---|---|---|
| ആരോഗ്യകായിക വിദ്യാഭ്യാസം | യോഗ, മാസ് ഡ്രിൽ, അത്‌ലറ്റിക് ഇനങ്ങൾ പരിശീലിപ്പിക്കുന്നു. ബാസ്ക്കറ്റ്ബോൾ, ബാഡ്മിന്റൺ, ചെസ്, കാരംസ്,.. തുടങ്ങിയ വിവിധ കായിക ഇനങ്ങൾ പരിശീലിപ്പിക്കുന്നു. | ദീർഘം | പൂർവവിദ്യാർത്ഥികൾ | Rs. 5000 OSA |

| | | | | |
|---|---|---|---|---|
| സർഗ്ഗശേഷി പരിപോഷിപ്പിക്കുന്നതിന് | 3. ഐ.സി.റ്റി. ഉപയോഗിച്ച് കഥ, പാട്ട് എന്നിവ കേൾക്കുന്നതിനും പഠനം തുടങ്ങുന്നതിനും അവസരം ഒരുക്കുന്നു.<br>4. കളിപ്പെട്ടി | മദ്ധ്യമം | റിസോഴ്സ് പേഴ്സൺ, ബി.ആർ.സി അധ്യാപകർ | 1000/ Sponsoring |
| വാക്കുകളിൽ നിന്നും വാക്യങ്ങൾ ഉണ്ടാക്കുന്നതിന് | 5.ചിത്രം , ഫ്ളാഷ് കാർഡ് തുടങ്ങിയവ ഉപയോഗിച്ച് | ,, | ,, | ,, |
| സ്വതന്ത്രമായി എഴുതുവാനും, വരയ്ക്കുവാനും ഉള്ള കഴിവ് വർദ്ധിപ്പിക്കുന്നതിന് | ശിശുസൗഹൃദ ബ്ലാക്ക് ബോർഡിൽ എഴുതുവാനും വരയ്ക്കാനുമുള്ള അവസരം ഒരുക്കുന്നു | ,, | ,, | ,, |
| സർഗ്ഗശേഷികളെ പരിപോഷിപ്പിക്കുന്നതിന് | ചിത്രങ്ങൾ വരയ്ക്കുന്നതിനും പെയിന്റ് ചെയ്യുന്നതിനുമുള്ള അവസരം നൽകുന്നു | ,, | ,, | ,, |

## പേര് മികവുത്സവം

## മേഖല: സാമൂഹികം

| | | | | |
|---|---|---|---|---|
| സമൂഹത്തെ സ്കൂളിലേക്ക് ആകർഷിക്കുന്നതിന് | വിദ്യാലയ മികവുകൾ സമൂഹത്തെ അറിയിക്കുന്നതിനുള്ള അവസരം നൽകുന്നു | ദീർഘം | SRG PTA | 8000/ Sponsoring |

## പിടി.എ , സി.പി.ടി,.എ ശാക്തീകരണം

| | | | | |
|---|---|---|---|---|
| കുട്ടികളുടെ പഠനം സ്കൂൾ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ | പി.റ്റി.എ., സി.പി.റ്റി.എ. കൃത്യമായ അജൻഡ വച്ച് ചേരൽ. പഠനപുരോഗതി പരിശോധിക്കൽ<br>ചർച്ച | PTA പ്രതിമാസ പദ്ധതി | SRG | 2500/ Sponsoring |

| Aims | Activities | Duration | Responsibility | Financial Support |
|---|---|---|---|---|
| Create English Learning atmosphere | English Corner<br>Children's magazine (collection)<br>Sentence cards<br>Story chart, puzzles<br>News board for displaying English news | Long Term | Teachers | 500 (Trs.) |
| Use English without grammatical errors | English Fest<br>English fest and exhibition | Long Term | Teachers | 500 (Trs.) |

## Reaching To English (C.W.SN.)

Theme – Sub theme (Academic) English

| Aims | Activities | Duration | Responsibility | Financial Support |
|---|---|---|---|---|
| To help the child to read and write | With pictures, CD, Flash cards, children read and write letters and words. | Long Term | Teachers | 500 (Trs.) |
| Help the child to do the activities in Kalippetti | Learning the child using ICT (Kalippetti) | ,, | ,, | ,, |
| Make sentences from words | Match the following<br>Pictures<br>Flash card<br>Opportunity to hear and write | ,, | ,, | ,, |
| To lift up the skills of the child in a freely atmosphere | Drawing pictures<br>Writing words in a wall blackboard using crayons Colour pencils | ,, | ,, | ,, |
| To participate in programs | Balasabha<br>English fest | ,, | ,, | ,, |

# Name : Reaching To English

Theme – Sub theme (Academic) Learning English

| Aims | Activities | Duration | Responsibility | Financial Support |
|---|---|---|---|---|
| Making Words | Collection of letters with pictures<br>Identifying letters<br>To understand sounds or letters & pronunciation<br>Pictures<br>Alphabet cards<br>Chart | Short Term | Teachers | Teachers 500 |
| Re- arranging letters to make meaningful words | Jigsaw, missing letters puzzlers<br>Match the following<br>Flash cards<br>Letter cards<br>T.B. | Short Term | Teachers | Teachers 500 |
| Reading familiar words | Reading & writing words<br>Wrappers<br>Advertisements | " | " | " |
| Making more words | Making meaningful words from the mother word<br>CD/T.B | " | " | " |

ടാലന്റ് ലാബ്

മേഖല : അക്കാദമികം

| | | | | |
|---|---|---|---|---|
| കുട്ടികളിലെ വ്യത്യസ്ത കഴിവുകൾ കണ്ടെത്തി പരിപോഷിപ്പിക്കുന്നതിന് | കുട്ടികളിലെ വ്യത്യസ്തമായ കഴിവുകളെ കണ്ടെത്തി ആവശ്യമായ പ്രോത്സാഹനവും പരിശീലനവും നൽകുന്നു. | വിദഗ്ദ്ധരെ കണ്ടെത്തൽ | PTA OSA | 5000 സംഘടനകൾ |

ജൈവ വൈവിധ്യ പാർക്ക്/ശലഭോദ്യാനം

മേഖല/ഉപമേഖല: അക്കാദമികം/ഗണിതശേഷികൾ

| | | | | |
|---|---|---|---|---|
| ജൈവവൈവിധ്യ ഉദ്യാനം സജ്ജമാക്കുക | ജൈവവൈവിധ്യ ഉദ്യാനം സജ്ജമാക്കുക<br>ആവാസവ്യവസ്ഥ ഒരുക്കൽ (കുളം)<br>പക്ഷികളെയും ശലഭങ്ങളെയും ആകർഷിക്കുന്നതിനുള്ള സംവിധാനം ഒരുക്കൽ<br>ജൈവവേലി നിർമ്മിക്കുക<br>പഠനപ്രവർത്തനങ്ങൾ | | | |

വീട്ടിലും സ്കൂളിലും പച്ചക്കറി.

മേഖല: ഭൗതികം

| | | | | |
|---|---|---|---|---|
| വിഷരഹിത പച്ചക്കറികളുടെ | കൃഷിക്ക് സ്ഥലമൊരുക്കൽ/ഗ്രോബാഗ് നിറയ്ക്കൽ കൃഷിരീതി | മാധ്യമം | കാർഷിക ക്ലബ്ബ് | കൃഷിഭവൻ |

## ഗണിത ലാബ് സജ്ജീകരിക്കൽ

മേഖല/ഉപമേഖല: അക്കാദമികം/ ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|
| ഗണിതപഠനം പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിന്റെ ഒരു മുറിയിൽ ഗണിതലാബ് സജ്ജീകരിക്കൽ, ഗണിത ക്ലാസ് നടത്തൽ | മദ്ധ്യമം | SRG | SSA PTA 2000 |

## ഗണിതം മധുരം

മേഖല/ ഉപമേഖല അക്കാദമികം /ഗണിതം

| | | | | |
|---|---|---|---|---|
| 2,3,4 ക്ലാസിലെ കുട്ടികളിൽ ഗണിതത്തിൽ ഉണ്ടാകുന്ന പഠന പിന്നോക്കാവസ്ഥ പരിഹരിക്കൽ സംഖ്യാ ബോധം, സ്ഥാനവില, ചതുഷ്ക്രിയകൾ , പ്രശ്നാപഗ്രഥനം | അനുയോജ്യമായ തന്ത്രങ്ങൾ ഉപയോഗിച്ച് ഗണിതപിന്നോക്കാവസ്ഥയിലുള്ള കുട്ടികളെ കണ്ടെത്തി അവർക്കാവശ്യമായ സഹായം നൽകുന്നു. (ഐ.സി.റ്റി. സാധന സംയുക്തങ്ങൾ ഇവ ഉപയോഗിക്കൽ) | മദ്ധ്യമം | SRG | SSA PTA 2000 |

## മെട്രിക് മേള

മേഖല/ ഉപമേഖല: അക്കാദമികം /ഗണിതം

| | | | | |
|---|---|---|---|---|
| കുട്ടികളിൽ ഗണിത അഭിരുചി വളർത്തുക. ഗണിത മേളകളിൽ പങ്കെടുക്കുവാൻ പ്രാപ്തരാക്കുക | ഒരു വർഷം ചെയ്ത ഗണിത പ്രവർത്തനങ്ങൾ പ്രദർശിപ്പിക്കുക (ഉൽപന്നങ്ങൾ,ശേഖരങ്ങൾ, മറ്റുൽപ്പന്നങ്ങൾ) | | | SSA PTA 2000 |

## ഗണിതം രസകരം (ഭിന്നശേഷി വികസനം)

മേഖല/ ഉപമേഖല: അക്കാദമികം /ഗണിതം

| | | | | |
|---|---|---|---|---|
| അനുയോജ്യമായ തന്ത്രങ്ങൾ ഉപയോഗിച്ച് ഗണിതം ആസ്വാദ്യകരവും എളുപ്പവുമാക്കൽ | സംഖ്യാകാർഡുകൾ ഉപയോഗിക്കുന്നു<br>ഐ.സി.റ്റി. ഉപയോഗപ്പെടുത്തൽ | മധ്യമം | ക്ലാസ് ടീച്ചർ | 1000 (Trs.) |

## ദിനാചരണങ്ങൾ

മേഖല/ഉപമേഖല: അക്കാദമികം/ സമഗ്രവികസനം/സാമൂഹികം

| | | | | |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം ദേശീയ സാമൂഹിക അവബോധം വളർത്തുക സാമൂഹികപ്രതിബദ്ധത വളർത്തുക, മൂല്യബോധം | നിശ്ചിത ദിനാചരണവുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു | ദീർഘം | എസ്.ആർ. ജി , പി.റ്റി.എ. | 300സ്പോൺസർഷിപ്പ് |

## ശാസ്ത്രം രസകരം (ഭിന്നശേഷി വികസനം)

| | | | | |
|---|---|---|---|---|
| ദൈനംദിനജീവിതവുമായി ബന്ധപ്പെട്ട് പരിസരത്തെ നിരീക്ഷിക്കുവനും ജീവജാലങ്ങളെ അറിയുവാനുമുള്ള അവസരം നൽകുന്നു.<br><br>ഐ.സി.റ്റിയുമായി ബന്ധപ്പെട്ട് ശാസ്ത്രപഠനം രസകരമാക്കുന്നു | പരിസരനിരീക്ഷണം പരിസരത്തെ നിരീക്ഷിച്ച് ജീവജാലങ്ങളെ തിരിച്ചറിയാനും പേരുകൾ പറയുകയും എഴുതുകയും പ്രത്യേകതകൾ കണ്ടെത്തുകയും ചെയ്യുന്നു. ചിത്രം വരയ്ക്കുന്നു.<br><br>അതതു യൂണിറ്റുമായി ബന്ധപ്പെട്ട് ഐ.സി.റ്റി. ഉപയോഗിച്ച് പഠനം നടത്തുന്നു. | മധ്യമം | ക്ലാസ് ടീച്ചർ | 500 |

## ശാസ്ത്രോൽസവവും പ്രദർശനവും

മേഖല/ഉപമേഖല: അക്കാദമികം/ സയൻസ്

| | | | | |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്രാഭിരുചി, ശാസ്ത്ര അവബോധം, ഗവേഷണ ചിന്ത ഇവ ഉളവാക്കുക | കുട്ടികൾ ഒരു വർഷം ചെയ്ത പ്രവർത്തനങ്ങൾ (പരീക്ഷണ, നിരീക്ഷണ, പഠന യാത്രകൾ- ശാസ്ത്ര പഠന ശേഖരങ്ങൾ- ഉൽപന്നങ്ങൾ) പ്രദർശനം | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ .ജി. സയൻസ് ക്ലബ് | 2000 സ്പോൺസർഷിപ്പ് |

# പഠനയാത്ര

മേഖല / ഉപമേഖല: അക്കാദമികം/സാമൂഹ്യശാസ്ത്രം

| | | | | |
|---|---|---|---|---|
| പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യവസ്തുത ഗ്രഹിക്കുന്നതിന് പഠനം ആസ്വാദ്യകരമാക്കുന്നതിന് | സാമൂഹ്യശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠന യാത്രകൾ | ആവശ്യാനുസരണം | എസ്. ആർ. ജി. | 10000 സ്പോൺസർഷിപ്പ് |

## സാമൂഹ്യശാസ്ത്രലാബ് സജ്ജീകരിക്കൽ July

മേഖല / ഉപമേഖല: അക്കാദമികം/സാമൂഹ്യശാസ്ത്രം

| | | | | |
|---|---|---|---|---|
| ശാസ്ത്ര-സാമൂഹ്യശാസ്ത്ര മേഖലയിൽ പഠനം കൂടുതൽ ശാസ്ത്രീയമാക്കുക | വിദ്യാലയത്തിലെ ഒരു മുറിയിൽ സാമൂഹിക ശാസ്ത്രലാബ് ക്രമീകരിക്കൽ | ഒരു വർഷം | സാമൂഹിക ശാസ്ത്ര ക്ലബ്ബ് | 3000 |

## ലാബ് വികസനം

മേഖല: ഭൗതികം

| | | | | |
|---|---|---|---|---|
| കാര്യക്ഷമമായ പഠനം ഉറപ്പുവരുത്തുന്നതിന് | കെട്ടിടനിർമ്മാണം ഗണിതലാബ് ക്രമീകരിക്കൽ ശാസ്ത്രലാബ് ക്രമീകരിക്കൽ പരീക്ഷണങ്ങൾക്കാവശ്യമായ സാധന സാമഗ്രികളൊരുക്കൽ | മദ്ധ്യമം | SRG | 20 ലക്ഷം സ്പോൺസർഷിപ്പ് |

## ബയോഗ്യാസ് പ്ലാന്റ്
### മേഖല : ഭൗതികം

| | | | | |
|---|---|---|---|---|
| മാലിന്യത്തെ ഊർജ്ജമാക്കി മാറ്റൽ | വിദ്യാലയത്തിലുണ്ടാകുന്ന ജൈവ മാലിന്യം ബയോഗ്യാസ് പ്ലാന്റിൽ നിക്ഷേപിച്ച് പാചകാവശ്യത്തിനുള്ള ഊർജ്ജം കണ്ടെത്തൽ | മാധ്യമം | ഉച്ചഭക്ഷണ കമ്മറ്റി | 2 ലക്ഷം അനർട്ട് |

## ചുറ്റുമതിൽ നിർമ്മാണം
### മേഖല : ഭൗതികം

| | | | | |
|---|---|---|---|---|
| സുരക്ഷിതമായി സ്കൂൾ കാമ്പസിനെ സംരക്ഷിക്കൽ | ചുറ്റുമതിൽ ഇല്ലാത്ത ഇടങ്ങളിൽ നിർമ്മിക്കുക. മുൻ വശത്ത് ചുറ്റുമതിൽ ആകർഷകമാക്കുക | ദീർഘം | മാനേജ്മെന്റ് | 10 ലക്ഷം |

### മേഖല : മികവ് (അക്കാദമികം)

| | | | | |
|---|---|---|---|---|
| അക്ഷരങ്ങൾ പദങ്ങൾ ഉറപ്പിക്കൽ | • വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങൾ. • മലയാളത്തിളക്കം • അക്ഷരങ്ങൾ | ദീർഘം | | |
| ഭാഷോത്സവം (ഒന്നാം ക്ലാസ്) | • വ്യത്യസ്ത പ്രവർത്തനങ്ങൾ • കലോത്സവം | | | |

പേര്: ഭാഷാപഠനം - വായന.

മേഖല / ഉപമേഖല - അക്കാദമികം, മലയാളം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പിന്തുണ. |
|---|---|---|---|
| സന്ദർഭത്തിനനുസരിച്ച് ഭാഷ കൃത്യതയും പറഞ്ഞും അവതരിപ്പിക്കൽ. | • ചിത്രവായന.<br>• സചിത്ര പാഠം<br>• കഥ പറയാം<br>എഴുതാം.<br>• ചിത്രം. | ഹ്രസ്വം. | അധ്യാപകർ. |
| അക്ഷര ശേഷണ വായന ഉറപ്പാക്കൽ. | • ക്ലാസ് ലൈബ്രറി<br>• ചിത്രകഥകൾ.<br>• വായിച്ച കഥ ചിത്രങ്ങളാക്കൽ. | ഹ്രസ്വം. | അധ്യാപകർ. |
| വർഷാവസാനം സ്വതന്ത്രലേഖനം നടത്തി മാഗസിൻ തയ്യാറാക്കൽ. | വായിച്ച കഥകളിൽ നിന്ന് മനസിൽ തട്ടിയ കാര്യങ്ങൾ എഴുതുന്നതിന്. | മധ്യമം | അധ്യാപകർ. |
| സർഗാത്മകതയെ ഉണർത്തൽ. | ലഘു പതിപ്പുകൾ<br>കഥ<br>കവിത.<br>പാട്ടുകൾ<br>വീഡിയോസ് ഷിയർ<br>സർഗാത്മക ശേഷി | ദീർഘം | അധ്യാപകർ.<br>പി.ടി.എ<br>രക്ഷകർത്താക്കൾ |
| ലേഖനം മെച്ചപ്പെടുത്തൽ. | സംയുക്തഡയറി. | | അധ്യാപകർ<br>രക്ഷിതാക്കൾ<br>സഹപാഠികൾ |

# സംയുക്തഡയറി.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ. |
|---|---|
| കുട്ടിയുടെ സ്വതന്ത്രരചനാ ശേഷി വികസിപ്പിക്കുക. | ക്ലാസ് . പി. ടി. എ യോഗം. വിളിച്ച് പ്രക്രിയ ബോധ്യപ്പെടുത്തൽ. |
| പരിചയിച്ച അക്ഷരങ്ങൾ പുതിയ രചനാ സന്ദർഭങ്ങളിൽ നിരന്തരം പ്രയോഗിക്കാൻ അവസരം ഒരുക്കുക. | മൂന്ന് വർഷത്തെ ഡയറികൾ പരിചയപ്പെടുത്തൽ. |
| കുട്ടികളുടെ അനുഭവങ്ങളും ചിന്തകളും ആശയങ്ങളും പ്രതിദിനം ചിത്രം സഹിതം ചെറു വാക്യങ്ങളിൽ രേഖപ്പെടുത്തുക. | അച്ചടിച്ച ഡയറി കാണുവാൻ അവസരമൊരുക്കൽ. |
| സംയുക്ത ഡയറി എഴുത്തിനെ തനിച്ചെഴുത്തിലേക്ക് വഴി ഒരുക്കുക. | ഡയറിയുടെ പ്രകാശനം. |
| | വളരുന്ന ഡയറി. |

## പാട്ടരങ്ങ് .

| ലക്ഷ്യങ്ങൾ | പ്രവർത്തന ഘട്ടങ്ങൾ. |
|---|---|
| താളം മനസിലാക്കി പാഠഭാഗത്തുള്ളതും മറ്റ് സമാന കവിതകളും ഈണം നൽകി ഭാവാത്മകമായി അവതരിപ്പിക്കുന്നു. | SRG. ജൂൺ (ആദ്യവാരം) ക്ലാസ് പി.ടി.എ. |
| കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുന്നു . | പാട്ടരങ്ങ് ഏകദിന ശില്പശാല |
| കാവ്യാംശവും ഈണം, താളം, ഭാവം, ആശയം എന്നിവ പരിഗണിച്ച് പുതിയ വരികൾ കൂട്ടിച്ചേർക്കുന്നു, | സംഗീതോപകരണങ്ങളുടെ നിർമ്മാണം. |
| ഭിന്ന നിലവാരക്കാരെ പരിഗണിക്കുന്നു. | വീഡിയോ ഡോക്യുമെന്റ്. വായനാകാർഡുകൾ, |
| ഭാഷാ പ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാകുന്നു. | കുട്ടിയുടെ അവതരണങ്ങൾ വീഡിയോ ഡോക്യുമെന്റ് ചെയ്ത് പൊതുസമൂഹത്തെ കാണിക്കുക. (നവമാധ്യമങ്ങൾ) |

പേര് : വായനാക്കൂട്ടം

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക |
| --- | --- | --- | --- | --- |
| വിദ്യാലയ വിഭവങ്ങൾ സമൂഹവുമായി പങ്കിടൽ. | വിദ്യാലയ ലൈബ്രറിയിലെ പുസ്തകങ്ങൾ രക്ഷിതാക്കൾ, നാട്ടിലെ വായനാതത്പരർ എന്നിവർക്ക് നിശ്ചിത വ്യവസ്ഥകൾക്ക് വിധേയമായി വായിക്കുവാൻ നൽകൽ, നല്ല വായനക്കാരനെ ആദരിക്കൽ. | ആവശ്യാനുസരണം | അധ്യാപകർ | |

പേര് : പി.ടി.എ./എം.പി.ടി-എ സർഗോത്സവം
മേഖല : സാമൂഹികം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അധ്യാപക രക്ഷകർത്തൃ ബന്ധം ശക്തമാക്കുക. | പി.ടി.എ, മദേഴ്സ് ഫോറം, അധ്യാപകർ എന്നിവർ സംയുക്തമായി വിവിധ കലാപരിപാടികൾ കുട്ടികൾക്ക് വേണ്ടി അവതരിപ്പിക്കൽ. കുട്ടികൾ രക്ഷിതാക്കൾക്ക് സമ്മാനങ്ങൾ നൽകൽ, കുട്ടികളുടെ ജഡ്ജസ് പാനൽ വിലയിരുത്തൽ. | വർഷത്തിൽ ഒരു പ്രാവശ്യം | പി.ടി.എ എം.പി.ടി എ S.R.G. | |

പേര് : പി.ടി.എ./എം.പി.ടി.എ സർഗോത്സവം
മേഖല : സാമൂഹികം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അധ്യാപക രക്ഷകർതൃ ബന്ധം ശക്തമാക്കുക. | പി.ടി.എ, മദേഴ്സ് ഫോറം, അധ്യാപകർ എന്നിവർ സംയുക്തമായി വിവിധ കലാപരിപാടികൾ കുട്ടികൾക്ക് വേണ്ടി അവതരിപ്പിക്കൽ.<br>കുട്ടികൾ രക്ഷിതാക്കൾക്ക് സമ്മാനങ്ങൾ നൽകൽ, കുട്ടികളുടെ ജഡ്ജസ് പാനൽ വിലയിരുത്തൽ. | വർഷത്തിൽ ഒരു പ്രാവശ്യം | പി.ടി.എ എം.പി.ടി.എ S.R.G. | |

പേര് : മത്സര പരീക്ഷകൾക്ക് പരിശീലനം.

മേഖല : സാമൂഹികം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല. |
|---|---|---|---|
| L.S.S പരീക്ഷ പരിശീലനം | സ്കൂൾ ദിവസങ്ങളിലും അവധിദിവസങ്ങളിലും (online) ക്ലാസ്.<br><br>കഴിഞ്ഞ വർഷത്തെ ചോദ്യപേപ്പർ വിശകലനം ചെയ്യൽ.<br><br>ആഴ്ചയിലൊരു ദിവസം പരീക്ഷ | ദീർഘകാലം | അധ്യാപകർ. |

മേഖല - അക്കാദമികം

ഉപമേഖല - ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കുവാനുള്ള അവസരം ഒരുക്കൽ. | കാർട്ടൂൺ പ്രദർശനം സിനിമാ പ്രദർശനം | മാസത്തിൽ ഒന്ന് | SRG Class Teacher | SSA |
| സ്പീച്ച് ബബിൾസ് തയാറാക്കൽ. | പാഠഭാഗത്തെ ചിത്രങ്ങളെ സംബന്ധിച്ച് | ദീർഘകാലം | Class Teacher. | |
| റീഡേഴ്സ് തിയേറ്റർ | പാഠഭാഗം | ദീർഘകാലം | Class Teacher. | |

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് അസംബ്ലി.

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുന്നു. | ആഴ്ചയിൽ 2 ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. അധ്യാപകർ ഇംഗ്ലീഷിൽ സന്ദേശം നൽകുന്നു. ഓരോ ക്ലാസുകൾക്കും ഇടവിട്ട് ചുമതല നൽകുന്നു. | ആഴ്ചയിൽ 2 ദിവസം | ക്ലാസ് ടീച്ചർ | - - - - |

പ്രവർത്തനത്തിന്റെ പേര് : Transilation of malayalam childrens books to English.

ഉപമേഖല : ഇംഗ്ലീഷ് പഠനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വ്യാകരണത്തിലും സാഹിത്യത്തിലും നൈപുണി നേടൽ | ലഭ്യമായ മലയാള സാഹിത്യ കൃതികൾ ആശയം ചോർന്നു പോകാത്ത ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്ത് പ്രസിദ്ധീകരിക്കൽ | വർഷത്തിൽ രണ്ടു പുസ്തകം | ഇംഗ്ലീഷ് ടീച്ചർ | പ്രതിവർഷം 20,000/- (സി.എസ്.ആർ. ഫണ്ട്) |

പേര് : സർഗ്ഗ സല്ലാപം

മേഖല : ഭാഷാ വികസനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷയിലൂടെ വിവിധ ശേഷികളിൽ മികവുണ്ടാക്കൽ | പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തുകാരെ സ്കൂളിലെത്തിക്കൽ. അവരുടെ വായന / എഴുത്ത് അനുഭവങ്ങൾ കുട്ടികളുമായി പങ്കുവയ്ക്കൽ<br>പ്രസിദ്ധീകരിക്കൽ | | | |

പേര് : ഭാഷാപഠനം - വായന, രചന

മേഖല/ഉപമേഖല : മാതൃഭാഷയിലെ വിവിധ ശേഷികളുടെ വികാസം.

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| സർഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരമൊരുക്കൽ | സ്വന്തം അനുഭവത്തെ അടിസ്ഥാനമാക്കി സ്വതന്ത്രരചനാ ശേഷി വികസിപ്പിക്കൽ സർഗാത്മകവായന തയ്യാറാക്കൽ. | ദീർഘകാലം | അധ്യാപകർ | 500 |
| കാവ്യാസ്വാദനം, ആശയഗ്രഹണം അവതരണം എന്നിവയിൽ മികവുണ്ടാക്കുന്നതിനായി ആവിഷ്കരിക്കുന്ന ഇടവേളകൾ കാവ്യോത്സവ | താള വൈവിധ്യമുള്ള പാട്ടുകൾ, കവിതകൾ എന്നിവ ഉചിതമായ വാദ്യോപകരണങ്ങൾ ഉൾപ്പെടുത്തി അവതരിപ്പിക്കൽ | ദീർഘകാലം | അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| അടിസ്ഥാന ഭാഷാശേഷി വികസനം | 1) ഭാഷാ കളരി<br>കുട്ടികളിലും<br>പാട്ടുകളും കഥകളുമായി കുട്ടി കൂട്ടങ്ങൾ സംഘടിപ്പിക്കൽ. | സെപ്റ്റംബർ<br>ഒക്ടോബർ | ക്ലാസ് ടീച്ചർ<br>SRG<br>SMC<br>സ്കൂൾ വികസന സമിതി | SMC |
| | 2) <u>അമ്മ പറയട്ടെ</u><br>അമ്മമാർ കുട്ടി കഥകൾ അവതരിപ്പിക്കുന്നു. | ജൂലൈ<br>ഡിസംബർ<br>ജനുവരി<br>മാസത്തിൽ ഒരിക്കൽ | ക്ലാസ് ടീച്ചർ<br>SRG<br>മദർ പി.ടി.എ | മദർ പി.ടി.എ |